ഉത്തരം

(എ) കേന്ദ്ര ധനകാര്യ വകുപ്പു മന്ത്രിയുടെ 2004-2005 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇന്ത്യയുടെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് തെരഞ്ഞെടുത്ത ഒന്നോ രണ്ടോ ജില്ലകളിൽ ഭക്ഷ്യ വിതരണ രംഗത്ത് ഭക്ഷ്യ കൂപ്പൺ (ഫുഡ് സ്റ്റാമ്പ്) പദ്ധതി പരീക്ഷണാർത്ഥം നടപ്പാക്കുന്നതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ഈ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

എലത്തൂർ പഞ്ചായത്തിൽ മാവേലി സ്റ്റോർ

64 [375] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ പുതിയ നിരത്ത് എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോർ തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിന്റെ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എലത്തൂർ പഞ്ചായത്തിലെ പുതിയ നിരത്ത് എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം ലഭിക്കുകയുണ്ടായില്ല.

ശബരി സ്റ്റോറുകൾ

65 [376] *ശ്രീ. എ. എ. അസീസ്:*
,, *കൊവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശബരി സ്റ്റോറുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ; ഇവ ഏത് മാനദണ്ഡമനുസരിച്ചാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly